DESPATCHED
On.. 05/06/2020

25/02/2020



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.-in

ഹർജി നമ്പർ A.P. No.2708(1)/2019/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.21623/എസ്.ഐ.സി-ജി 4/2019)*

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ.പ്രസാദ്
മാമൂട്ടിൽ ഭവൻ,കൂനയിൽ,
പരവൂർ. പി.ഒ. കൊല്ലം
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി
   ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്ത്,
   ആദിച്ചനല്ലൂർ. പി.ഒ.
   കൊല്ലം– 691 573

2. അപ്പീൽ അധികാരി &
   അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്
   സിവിൽ സ്റ്റേഷൻ, കൊല്ലം.

} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 05.07.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 01.08.2019 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 31.08.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 26.09.2019 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 27.12.2019 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 30.12.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 12.01.2020 |
| മേൽ പ്രസ്താവിച്ച പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | |
| ഹിയറിംഗ് തീയതി<br>സ്ഥലം | 24.02.2020 വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്, കൊല്ലം |
| ഹിയറിംഗിലെ സാന്നിധ്യം :അപ്പീൽ ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. പ്രസാദ് കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട ഒരു വിവരവും നൽകാതെ ബോധപൂർവ്വം അവ നിഷേധിക്കുകയാണുണ്ടായതെന്നും നേരിട്ട് ഓഫീസിൽ ഹാജരായി ഫയലുകൾ പരിശോധിച്ച് രേഖകൾ ഫീസ് ഒടുക്കി കൈപ്പറ്റാമെന്ന് അറിയിച്ചത് നിശ്ചിത സമയ പരിധിക്കുള്ളിൽ ആയിരുന്നില്ലായെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സൗജന്യമായി നൽകണമെന്നാവശ്യപ്പെട്ട് ഒന്നാം അപ്പീൽ അധികാരിക്ക് അപ്പീൽ അപേക്ഷ നൽകിയെന്നും മേൽപ്പടി ഉത്തരവിനുശേഷം ഒന്നാം എതിർകക്ഷിയിൽ നിന്നും ഭാഗികമായ വിവരങ്ങൾ ലഭിച്ചെങ്കിലും പല വിവരങ്ങളും ബോധപൂർവ്വം നിരസിക്കുകയാണ് ചെയ്തതെന്നും ടിയാൻ ആവശ്യപ്പെട്ട രേഖക്ക് 76 രൂപ ഫീസ് ഈടാക്കിയെന്നും എന്നാൽ ടിയാന് ലഭിച്ചത് 20 കോപ്പികൾ മാത്രമാണെന്നും 5-ാം ഇനം സംബന്ധിച്ച് നടപടി സ്വീകരിച്ച തീയതി വ്യക്തമാക്കിയിട്ടില്ലായെന്നും 12-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് ഫീസ് ഒടുക്കിയെങ്കിലും നാളിതുവരെ രേഖകൾ നൽകിയിട്ടില്ലായെന്നും 14-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ ബോധപൂർവ്വം മറച്ചു വച്ചിരിക്കുകയാണെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i) കെട്ടിട നിർമ്മാണ പെർമിറ്റിനായി (A3/BP/3/11-12) ആദിച്ചനല്ലൂർ പഞ്ചായത്തിൽ അപേക്ഷ നൽകിയ തീയതി, മാസം, വർഷം എന്നിവയും അപേക്ഷയുടെ പകർപ്പും നൽകണമെന്നും

ii) കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിനു വേണ്ടി അപേക്ഷയോടൊപ്പം ഹാജരാക്കിയ രേഖകൾ പരിശോധിക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്ത ഉദ്യോഗസ്ഥരുടെ പേരും ഔദ്യോഗിക പദവിയും സ്ഥിര മേൽവിലാസവും നൽകണമെന്നും

iii) പെർമിറ്റ് നൽകുന്നതിനായി ഫയൽ നോട്ട് തയ്യാറാക്കുകയും ഒപ്പു വയ്ക്കുകയും ചെയ്ത ഉദ്യോഗസ്ഥരുടെ ഔദ്യോഗിക പദവിയും സ്ഥിര മേൽവിലാസവും പേരും നൽകണമെന്നും

RIGHT TO INFORMATION

iv) കെട്ടിട നമ്പർ ലഭിക്കുന്നതിനായി ഹർജിക്കാരൻ ഏതൊക്കെ തീയതികളിലാണ് അപേക്ഷ നൽകിയിട്ടുള്ളതെന്നും എല്ലാ അപേക്ഷകളുടെയും ഒരു കോപ്പി വീതം നൽകണമെന്നും മറ്റുമായി 14 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ പെർമിറ്റിനും കെട്ടിട നമ്പറിനുമായി സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും മേൽപ്പടി ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് ഹർജിക്കാരന് നേരിട്ട് പരിശോധിക്കാവുന്നതാണെന്നും പരിശോധനാ വേളയിൽ ആവശ്യപ്പെടുന്ന രേഖകൾ ഫീസ് ഒടുക്കുന്ന മുറക്ക് സാക്ഷ്യപ്പെടുത്തി നൽകുന്നതാണെന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി യാതൊരു വിവരവും ലഭ്യമാക്കിയിട്ടില്ലെന്നും അത് ബോധപൂർവ്വമാണെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാൻ തന്നെ സമർപ്പിച്ചിട്ടുള്ള അപേക്ഷ സംബന്ധിച്ചവയാണെന്നും 14 ക്രമ നമ്പറുകളിലായി ആവശ്യപ്പെട്ട വിവരങ്ങൾ വേർതിരിച്ചെടുത്ത് നൽകേണ്ട സാഹചര്യത്തിലാണ് ഒന്നാം എതിർകക്ഷി ഫയലുകൾ പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കാവുന്നതാണെന്ന് ഹർജിക്കാരനെ അറിയിച്ചതെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് കൂടുതൽ ഫയലുകൾ പരിശോധിക്കേണ്ടതില്ലാത്തതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും നൽകുന്നത് ഉചിതമാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും 7 ദിവസങ്ങൾക്കകം നൽകണമെന്നും പകർപ്പുകൾ നൽകുന്നതിലേയ്ക്കായി ഫീസ് ഒടുക്കേണ്ടതു സംബന്ധിച്ച വിവരങ്ങളും നൽകേണ്ടതാണെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ ഉത്തരവിനുശേഷം 10.10.019 തീയതി ഒന്നാം എതിർകക്ഷി ഹർജിക്കാരന് ടിയാന്റെ അപേക്ഷയിലെ ഓരോ ഇനം സംബന്ധിച്ചും വ്യക്തമായ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ പ്രസ്താവിച്ചത്, ഒന്നാം അപ്പീൽ ഉത്തരവിനുശേഷമാണ് ഒന്നാം എതിർകക്ഷി ചില വിവരങ്ങളെങ്കിലും നൽകിയതെന്നും ടിയാന് നൽകിയ രേഖകളിൽ പേജു നമ്പറുകൾ രേഖപ്പെടുത്തിയിട്ടില്ലെന്നും ഒന്നാം അപ്പീൽ അധികാരി, പെർമിറ്റ് നമ്പർ തെറ്റായിട്ടാണ് അപ്പീൽ ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും ആയത് കാണിക്കുന്നത് വളരെ അശ്രദ്ധമായിട്ടാണ്

വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീലും മറ്റും രണ്ടാം എതിർകക്ഷി ഓഫീസിൽ കൈകാര്യം ചെയ്യുന്നത് എന്നും മറ്റുമാണ്. കമ്മീഷൻ മുമ്പാകെ ഹാജരായ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചത്, ഇതേ വിഷയത്തിൽ ഹർജിക്കാരൻ നിരവധി വിവരാവകാശ അപേക്ഷകൾ നൽകിയിട്ടുണ്ടെന്നും ആയതിനെല്ലാം ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതാണെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത്, ടിയാന് നൽകിയ കെട്ടിട നിർമ്മാണ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ച കെട്ടിടം സംബന്ധിച്ച വിവരങ്ങളാണെന്ന് കാണുന്നു. ഹർജിക്കാരന്റെ അപേക്ഷയിൽ എതിർകക്ഷി ഓഫീസിലെ ഉദ്യോഗസ്ഥരുടെ സ്ഥിര മേൽവിലാസം മറ്റു വിവരങ്ങൾക്കൊപ്പം തേടിയിട്ടുള്ളതായി കാണുന്നു. ആയത് വ്യക്തിപരമായ ഒന്നാകയാലും അത്തരത്തിലുള്ള വിവരത്തിന്റെ വെളിപ്പെടുത്തൽ ന്യായീകരിക്കുന്ന പൊതുതാത്പര്യം അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടാത്തതിനാലും അത്തരം വിവരങ്ങൾ ഒന്നും നൽകേണ്ടതില്ലായിരുന്നു എന്നു കമ്മീഷൻ വിലയിരുത്തുന്നു. എന്നിരുന്നാലും ഹർജിക്കാരൻ പകർപ്പുകൾക്കായി ആവശ്യപ്പെട്ട സാഹചര്യത്തിൽ മേൽപ്പടി പകർപ്പുകൾ ഏതു സൈസിലുള്ള എത്ര പേജുകളിലായി അടങ്ങിയിരിക്കുന്നു എന്നു വ്യക്തമാക്കി ഫീസ് ഒടുക്കേണ്ടതു സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ വിവരാവകാശ നിയമത്തിലെ 7 (3) (എ) വകുപ്പു പ്രകാരം നൽകേണ്ടതായിരുന്നു. അക്കാര്യം ഒന്നാം എതിർകക്ഷി സമയബന്ധിതമായി നൽകാതിരുന്ന സാഹചര്യത്തിൽ ഹർജിക്കാരൻ രേഖകൾക്കായി ഒടുക്കിയ ഫീസ് ടിയാന് തിരികെ ലഭിക്കുവാനുള്ള അർഹതയുണ്ടെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ഹർജിക്കാരനിൽ നിന്നും രേഖകൾക്കായി ഫീസ് ഇനത്തിൽ ഈടാക്കിയ തുക ടിയാന് ഈ ഉത്തരവു കൈപ്പറ്റി 30 ദിവസങ്ങൾക്കുള്ളിൽ തിരികെ നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. അപ്രകാരംതന്നെ ടിയാന് നൽകിയിട്ടുള്ള വിവരങ്ങൾ പൂർണ്ണമാണെന്ന് സ്വയം ബോധ്യപ്പെടുന്നതിലേയ്ക്കായി ബന്ധപ്പെട്ട ഫയലുകൾ സൗജന്യമായി പരിശോധിക്കുവാനുള്ള അവസരം ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. ഒരേ വിഷയത്തിൽ, വീണ്ടും വീണ്ടും വിവരാവകാശ അപേക്ഷകൾ നൽകുന്നത് വിവരാവകാശ നിയമത്തിന്റെ ദുരുപയോഗമായി മാത്രമേ കാണുവാൻ സാധിക്കുകയുള്ളൂ. ഹർജിക്കാരൻ അത്തരത്തിലുള്ള അപേക്ഷകൾ നൽകുകയാണെ

ങ്കിൽ ബന്ധപ്പെട്ട രേഖകൾ നേരിൽ പരിശോധിക്കാവുന്നതാണെന്ന് ഹർജിക്കാരനെ അറിയിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ഹർജിക്കാരൻ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 25–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം. പോൾ

മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്,

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION